
പുനർജനി

Place of publication:

**Catholicate Higher Secondary  School**
Pothukal,Bhoodancolony PO.
Phone: 04931 241 776

Periodicity of Publication:

**Annual 2020**
For Private Circulation

Head Master:

**Regy Philip**

Chief Editor:

**Regy Philip**

Staff Editor:

**Harilal . T**

Student Editor:

**Jasin Jesin**

Photos:

**Team Little Kites**

Layout:

**Team Little Kites**

Designing Layout:

**Team Little Kites**

Chief Editor:

**Regy Philip**



# ആശംസകളോടെ...

പോത്തുകൽ കാതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സിൻെറ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു. കലാപരമായും കായികപരമായും സാങ്കേതികമായും ലോകനിലവാരത്തിലേക്ക് നമ്മുടെ വിദ്യാലയവും എത്തിച്ചേരുന്നു എന്നതിൽ നമുക്കേറെ അഭിമാനിക്കാം. ഇതിൻെറ പിന്നണിയിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.....

ഫാ. ബിജി സി. ചാണ്ടി

പ്രിൻസിപ്പാൾ

തലമുറകൾക്ക് വെളിച്ചം പകർന്ന്
മുന്നേറിക്കൊണ്ടിരിക്കുന്ന കതോലിക്കേറ്റ് ഹയർസെക്കൻഡറി
സ്കൂളിലെ, ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ
പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ
ഭാവുകങ്ങളും നേരുന്നു. വിദ്യാർത്ഥികളുടെ രചനകളും,
കലാസൃഷ്ടികളും, സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് കൊണ്ടുള്ള ഈ
പുതുസംരംഭം പുതുതലമുറയ്ക്ക് മാതൃകയാകട്ടെ...



പോത്തുകല്ല്
18/1/2020

റെജി ഫിലിപ്പ്
ഹെഡ്മാസ്റ്റർ

# ആശംസകളോടെ....

കുട്ടികളുടെ സർഗാത്മകതയും വിവരസാങ്കേതികവിദ്യയും ഒത്തുചേർന്ന്, കാതോലിക്കേറ്റ് ഹയർ സെക്കൻഡറി സ്കൂളിലെ ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ രക്ഷിതാക്കളുടേയും പേരിൽ ഒരായിരം ആശംസകൾ അർപ്പിക്കുന്നു .

*എന്ന്*

*പി ടി എ പ്രസിഡന്റ്*

*രാമചന്ദ്രൻയാത്രമംഗളങ്ങൾ*

# മുഖമൊഴി

നഷ്ടങ്ങളുടെയും തിരിച്ചെടുക്കലുകളുടെയും ആകെ തുകയാണ് ജീവിതം. പ്രളയത്തിൽ നഷ്ടമായവരെ- പ്പറ്റിയുള്ള നൊമ്പരങ്ങൾ ഹൃദയഭിത്തിയിൽ ചിത്രങ്ങൾ ശേഷിക്കുമ്പോഴും അതിജീവനത്തിന് പുതുനാമ്പുകളിൽ സന്തോഷിക്കുവാനാണ് ഞങ്ങൾ ശ്രമിക്കുന്നത് .പരിമിത സാഹചര്യങ്ങളിൽ ലഭ്യമായ കഴിവുകളെ കൂട്ടിച്ചേർത്ത് നിർമ്മിക്കുന്ന ഈ മാഗസിനിലെ അക്ഷരക്കൂട്ടങ്ങൾ നിങ്ങളോട് സംബന്ധിക്കുന്നത് ഇന്നലകളുടെ സങ്കടങ്ങളെ പറ്റിയും നാളെയുടെ പ്രതീക്ഷകളെപ്പറ്റിയുമാണ് ഹൃദയത്തിലേറ്റുവാങ്ങുക ....

എഡിറ്റർ

ഉള്ളടക്കം

1 സ്കൂൾ ചരിത്രവഴികൾ

2 അതിജീവനത്തിന്റെ കേരളം- തിരിച്ചുവരവിന്റെയും

3 പ്രളയം എടുത്ത ജീവനുകൾ

4 പ്രളയം

5 പാചക വിശേഷം

6 അതിജീവന സ്മരണകൾ

7 യാത്രാവിവരണം


ചില പ്രളയ കാഴ്ചകൾ
2019/9/5 12:26


ചില പ്രളയ കാഴ്ചകൾ
2019/8/29 12:08

# സ്കൂൾ-ചരിത്ര വഴികൾ

കൊല്ലം ജില്ലയിൽ പത്തനാപുരത്ത് യുഗപ്രഭാവനായ അഭിവന്ദ്യ തോമ്മാ മാർ ദിവന്നാസ്യോസ് തിരു മനസ്സിനാൽ സ്ഥാപിതമായ മൗണ്ട് താബോർ ദയറായുടെ കീഴിൽ കേരള സംസ്ഥാനത്തിൻറെ വിവിധഭാഗങ്ങളിൽ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജാതി-മത-വർഗ്ഗ-ദേശ ഭേദമന്യേ പ്രശോഭിച്ചു നിൽക്കുന്നു. ക്രാന്ത ദർശിത്വത്തോടെ അഭിവന്ദ്യ തിരുമനസ്സ് കൊളുത്തിയ ദീപനാളങ്ങൾ ഇതര മേഖലകളെ പോലെ വിദ്യാഭ്യാസ മേഖലയേയും ശോഭിതമാക്കുന്നു.

മണ്ണിനോട് മല്ലടിക്കുന്ന ഒരു ജനതയുടെ സ്വപ്നസാക്ഷാത്കാരമായി പത്തനാപുരം ദയറാ സന്യാസ സമൂഹത്തിൻറെ മേൽനോട്ടത്തിൽ 1982 ൽ കാതോലിക്കേറ്റ് ഹൈസ്കൂൾ സ്ഥാപിതമായി. 1982 ൽ ഈ സ്കൂൾ ആരംഭിക്കുന്നത് പോത്തുകല്ലിൽ ഉള്ള മണ്ണാരേത്ത് ശ്രീ വർഗീസ് പോത്തൻറെ വീട്ടിൽ ആയിരുന്നു. 184 വിദ്യാർത്ഥികളും 8 അധ്യാപകരുമായി ഓല ഷെഡ്ഡിൽ ആരംഭിച്ച ഈ സ്കൂളിന് സ്വന്തമായി സ്ഥലം നൽകി സഹായിച്ചത് ഈട്ടിക്കൽ തോമസ് മാത്യു അവറുകളാണ്. ഒരു ദേശത്തിന് മുഴുവൻ വികസന സ്വപ്നങ്ങളും പേറി 2000 ത്തിൽ ഹയർസെക്കൻഡറി വിദ്യാലയമായി ഉയർത്തപ്പെട്ടു. അറിവിൻറെ വാതായനങ്ങൾ തുറന്നിട്ട് നീണ്ട 35 വർഷങ്ങൾ പിന്നിട്ട് അതിൻറെ വിജയഗാഥ തുടരുന്നു.




പുണ്യശ്ലോകനായ താബോർ ദയറാ സുപ്പീരിയറും, മലബാർ ഭദ്രാസനാധിപനും, മലങ്കര ഓർത്തഡോക്സ് സഭയുടെ വലിയ കാത്തോലിക്ക ബാവയുമായിരുന്ന വിശുദ്ധ ബസേലിയോസ് മാർതോമ്മാ ദ്വിദിമോസ് പ്രഥമൻ തിരുമനസ്സുകൊണ്ട് അന്ന് സ്ഥലം എം.എൽ.എ ആയിരുന്ന ബഹു. ആര്യാടൻ മുഹമ്മദിൻറെ സഹായത്തോടെ ഈ കലാലയത്തിൻറെ അംഗീകാരം നേടി തന്നു. ദയറാ അംഗമായിരുന്ന ഭാഗ്യസ്മരണാർഹനായ വന്ദ്യ യോഹന്നാൻ റമ്പാച്ചൻ ത്യാഗനിർഭരമായ പ്രവർത്തങ്ങളി ലൂടെ 14 വർഷത്തോളം സ്കൂൾ മാനേജർ ആയി സേവനമനുഷ്ഠിച്ചു. പിന്നീട് ദയറ അംഗമായ റവ. ഫാ. കെ. എ എബ്രഹാം 17 വർഷത്തോളം മാനേജർ സ്ഥാനത്ത് സ്തുത്യർഹമായി പ്രവർത്തിച്ചു. തുടർന്ന് മാനേജറായി പ്രവർത്തിച്ച ദയറാ അംഗം വെരി. റവ. സി. ഒ. ജോസഫ് റമ്പാൻ ഇപ്പോൾ ദയറാ സ്ഥാപനങ്ങളുടെ ട്രഷറാർ ചുമതല വഹിക്കുന്നു. ഇപ്പോൾ കോർപ്പറേറ്റ് സ്കൂൾ മാനേജറായി വെരി. റവ. യൗനാൻ സാമുവൽ റമ്പാൻ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നു. ദയറാ അംഗം വെരി. റവ. ഹാബീബ് ജോസഫ് റമ്പാൻ ലോക്കൽ മാനേജർ, അദ്ധ്യാപകൻ എന്നീ നിലയിൽ ചെയ്ത ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിന്റെ വളർച്ചക്ക് ആക്കംകൂട്ടി. ഇപ്പോൾ ശ്രീ റെജി ഫിലിപ്പ് കെ. ഹൈസ്കൂൾ വിഭാഗം ഹെഡ്മാസ്റ്ററായും ദയറാ അംഗവും സ്കൂൾ പ്രിൻസിപ്പളുമായ റവ.

ഫാ. യോഹന്നാൻ തോമസ് ദീർഘവീക്ഷണത്തോടെ സ്കൂളിൻറെ അടിസ്ഥാനവികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി ലോക്കൽ മാനേജർ എന്ന നിലയിലും പ്രവർത്തിക്കുന്നു.



ഹൈസ്കൂൾവിഭാഗത്തിൽ 1400 ഓളം വിദ്യാർത്ഥികളും ഹയർസെക്കൻഡറി വിഭാഗത്തിൽ 560 ഓളം വിദ്യാർത്ഥികളും പഠനം നടത്തുന്നു. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവിൻറെ കേന്ദ്രം കൂടിയാണ് ഈ കലാലയം. 100% വിജയവുമായി ഹൈസ്കൂൾ വിഭാഗം ഇംഗ്ലീഷ് മീഡിയവും ഹയർസെക്കൻഡറി വിഭാഗത്തിൽ സയൻസ് , ഹ്യുമാനിറ്റീസ്, കോമേഴ്സ്, കമ്പ്യൂട്ടർ കൊമേഴ്സ് എന്നീ ഗ്രൂപ്പുകളും ഭംഗിയായി പ്രവർത്തിച്ചുവരുന്നു. ഹയർസെക്കൻഡറി വിഭാഗത്തിന് 2016-ൽ ഉദ്ഘാടനം നിർവഹിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ ബഹുനില കെട്ടിടവും സയൻസ് ലാബും ദയറയ്ക്കും നാടിനും അഭിമാനിക്കത്തക്കതാണ്.



വിദ്യാർത്ഥികളുടെ

പഠനമികവ് വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം എന്നിവ സജ്ജമാണ്. വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് മൂന്ന് സ്കൂൾ ബസുകൾ മറ്റ് സർവീസ് നടത്തുന്നു. സ്കൂളിൻറെ ആരംഭകാലം മുതൽ സേവനം ചെയ്തു, പ്രത്യേകിച്ച് ദയറ അംഗമായിരുന്ന് 14 വർഷം സ്കൂളിലെ പ്രഥമ ഹെഡ്മാസ്റ്റർ ആയിരുന്ന കർത്തൃ മണവറയിൽ പ്രവേശിക്കപ്പെട്ട വന്ദ്യ സ്റ്റീഫൻ തോമസ് റമ്പാച്ചൻറെയും പിൻഗാമികളായ പ്രിൻസിപ്പാൾ മാരുടെയും ,ഹെഡ്മാസ്റ്റർ മാരുടെയും, അധ്യാപകരുടെയും ,ഓഫീസ് ജീവനക്കാരുടെയും, സർവീസിൽനിന്ന് വിരമിച്ചവരുടെയും ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ സ്കൂളിൻറെ യശസ്സ് ഉയർത്തുന്നതിൽ കാതലായ പങ്കുവഹിച്ചു.



പുണ്യശ്ലോകനായ നി. വ. ദി. ശ്രീ. തോമ്മാ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ പ്രാർത്ഥനയാലും പത്തനാപുരം ദയറായിലെ സന്യാസ ശ്രേഷ്ഠരുടെ നിർദേശങ്ങളാലും പ്രാർത്ഥനകളാലും ഈ വിദ്യാലയം വിജ്ഞാനത്തിൻറെ കെടാ ദീപം തലമുറകൾക്ക് കൈമാറി ദേശ-സാമൂഹ്യ -വ്യക്തി തലങ്ങളിൽ വികസനത്തിന് ആക്കം കൂട്ടാൻ ഉതകുംവിധം ഒരു ദേശത്തിൻറെയും, ഒരു ജനതയുടെയും, പത്തനാപുരം മൗണ്ട് താബോർ ദയറാ യുടെയും അഭിമാനമായി തേജസോടെ പ്രശോഭിക്കുന്നു.

## "അതിജീവനകേരളം,

## തിരിച്ചറിവിൻെറയും"

2019 ഓഗസ്റ്റ് മാസം തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിൻെറ ഫലമായാണ് 2019 ലെ കേരളത്തിലെ വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത് അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിൽ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോരമേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. നൂറുകണക്കിന് ആളുകളെ സുരക്ഷിത സ്ഥലങ്ങളിലേക്കും ദുരിതാശ്വാസ ക്യാമ്പുകളിലേക്കും മാറ്റി അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നു വിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു 2018 ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴപെയ്തതിന്റെ ഫലമായി വൻ നാശനഷ്ടം ഉണ്ടാക്കിയിരുന്നു .മനുഷ്യജീവിതത്തിന്റെ അടിവേര് ഇളക്കിയ പ്രളയ ദുരന്തത്തെ കേരളം അതിജീവിക്കും എന്ന് മുദ്രാവാക്യം ഉയർത്തി അതിജീവനത്തിന് പുതിയ പാതകൾ തേടിക്കൊണ്ടിരിക്കുകയാണ് കേരളമിപ്പോൾ. സ്വാർത്ഥതയും തൻകാര്യവും മാത്രം ഉടമയായിരുന്ന കേരളീയൻ എന്ന ആക്ഷേപം പ്രളയത്തിനു മുമ്പ് വരെ വസ്തുതാപരമായിരിക്കാം. അയൽവാസിയുടെ മേൽവിലാസം അറിയാതെ വീട്ടിൽ കഴിയുന്നവരും ഉയർന്ന മതിൽക്കെട്ടുകൾ നിർമ്മിച്ച് അയൽപക്ക ബന്ധം ഉപേക്ഷിക്കുന്നവനും ദരിദ്രരെ ആട്ടി അകറ്റുന്നതിനും

ഒരുതുണ്ട് ഭൂമിക്കുവേണ്ടി കലഹിക്കുന്നവനുമാണ് കേരളീയർ എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത അധിക്ഷേപങ്ങൾ പ്രളയാനന്തര ഐക്യം നമ്മുടെ എല്ലാ ദുഷ്പേരും ഇല്ലാതെയാക്കി. വെറുമൊരു പ്രളയം എന്ന് വിശേഷിപ്പിക്കുന്നതിനേക്കാൾ നല്ലത് മനസ്സിലെ നന്മ കൊണ്ട് മലയാളി അതിജീവിച്ച് പ്രളയം എന്ന് പറയൽ ആകും. വൻ ദുരന്തങ്ങൾ വെറും കേട്ടുകേൾവി മാത്രമായിരുന്ന മലയാളിക്ക്. ഇത്തരത്തിലൊരു വെല്ലുവിളിയെ എങ്ങനെ നേരിടണമെന്ന് ഒരു മുൻ വിചാരം പോലുമില്ല, എന്നിട്ടും അതിജീവനത്തിനായി കേരളീയർ ഒന്നടങ്കം കിണഞ്ഞു പരിശ്രമിച്ചത് പ്രളയത്തേക്കാൾ വലിയ ചരിത്രമായി.

# പ്രളയം എടുത്ത ജീവനുകൾ

റിസൾട്ട് 2019 ആണ് നാടിനെ നടുക്കിയ ഭീകരമായ ദുരന്തമുണ്ടായത് മലപ്പുറം ജില്ലയിലെ പോത്തുകൽ പഞ്ചായത്തിലെ കവള പാറ എന്ന സ്ഥലത്ത് ഒന്നായി തുടച്ചുനീക്കിയ ആ വലിയ ദുരന്തം ഏകദേശം രാത്രി 7 30 മണിയോടെയാണ് സംഭവം.അവിടെ ഉണ്ടായിരുന്ന 25 ൽ കൂടുതൽ വീടുകളുടെ മേൽ മണ്ണും മരങ്ങളും പാറക്കല്ലുകളും വന്ന് മൂടി 40 അടിയോളം അടിയിലായി അവിടുത്തെ വീടുകളും അതിലുള്ള ജീവനുകളും 59 പേർ അതിൽ കുടുങ്ങി മരിച്ചു.

ഇനിയും 11 പേരുടെ മൃതദേഹങ്ങൾ കിട്ടാനുണ്ട്. പാതാർ എന്ന സ്ഥലം വലിയ പാറക്കല്ലുകളും മണ്ണും കൊണ്ട് മൂടിയിരിക്കുകയാണ് അവിടെ അങ്ങനെ ഒരു അങ്ങാടി ഉണ്ടായിരുന്നുവെന്നും വീടുകൾ ഉണ്ടായിരുന്നു എന്നോ അറിയില്ല കുറച്ചു വീടുകളുടെ അവശിഷ്ടങ്ങൾ മാത്രമാണ് അവിടെ ഇപ്പോൾ ഉള്ളത്. ദുരന്തം നടന്ന അന്ന് വെള്ളം കലങ്ങി വരുന്നത് കണ്ട ആളുകൾ അവിടെനിന്ന് മാറിയതിനാൽ ആൾനാശം ഒന്നും തന്നെ ഉണ്ടായിട്ടില്ല. പാതാർ എന്ന സ്ഥലത്ത് ലക്ഷക്കണക്കിന് പാറകൾ വന്നു മൂടി കിടക്കുകയാണ് അവിടെ ഇനി വാസയോഗ്യം ആക്കാൻ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഈ ദുരന്തത്തിൽ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് ഓരോ രുത്തർക്കും ഇനി അവരെ പുതിയ ജീവിതത്തിലേക്ക്കൊണ്ടുവരേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. അതിനു നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം പ്രാർത്ഥിക്കാം

# പ്രളയം

ആദിയിൽ പ്രളയം ഉണ്ടായി
പ്രളയത്തിൽ ജലനിരപ്പ് ഉണ്ടായി
ജലനിരപ്പിൽ ജീവൻ ഉണ്ടായി
ജീവനും ജീവിവർഗങ്ങളുംഭൂമിയും ഭൂകമ്പങ്ങളും ഉണ്ടായി
പ്രളയഭൂമിയിൽ പ്രകമ്പനങ്ങൾ ഉണ്ടായി
ഇനിയും വരും പ്രളയം
ഇനിയും വരാനിരിക്കുന്ന ജീവനും
ജീവിവർഗങ്ങളും മറഞ്ഞിരിക്കുന്നു
ഇനിയും വരും പ്രളയം
പുതിയ ആകാശവും പുതിയ ഭൂമിയും
പ്രളയമേ നീ വരും മുമ്പ്
തുടച്ചുനീക്കും മുമ്പ്
ഞാനൊന്ന് ശ്വസിക്കട്ടെ
**ഒരിത്തിരി വെള്ളം കുടിക്കട്ടെ**

പാചക വിശേഷം

മാമ്പഴ പുളിശ്ശേരി

ആവശ്യമായ സാധനങ്ങൾ

ചെറിയ മാങ്ങ തൊലികളഞ്ഞ്,

പച്ചമുളക്,

അര ടീസ്പൂൺ മഞ്ഞൾ പൊടി,

രണ്ട് ടീസ്പൂൺ മുളകുപൊടി,

അര ടീസ്പൂൺ ജീരകം,

നാലുമണി കുരുമുളക്,

അരമുറി തേങ്ങ ചിരക്കിയത്,

പഞ്ചസാര,

തൈര്,

ഉലുവ,

ചുവന്നമുളക്,

കടുക്.

ഉണ്ടാക്കുന്ന വിധം:

അടുപ്പിൽ വെച്ച് ചൂടായ പാത്രത്തിലേക്ക് മാമ്പഴം ഇട്ടുക മുളകുപൊടിയും പച്ചമുളക് പേസ്റ്റ് പഞ്ചസാരയും വെള്ളവും ഒഴിച്ച് ആവശ്യത്തിന് മഞ്ഞപ്പൊടി ഇട്ട് നന്നായി ഇളക്കുക , വേവിക്കുക, പിന്നീട്തേങ്ങ ഇട്ടുക , നന്നായി ഇളക്കിയശേഷം തിളക്കുമ്പോൾ മോര് ഒഴിക്കുക, പതുക്കെ സാവകാശം ഇളക്കുക, പിന്നീട് ഒരു ചട്ടി അടുപ്പിൽ വയ്ക്കുക അതിൽ എണ്ണ ഒഴിക്കുക ഉലുവ ഇട്ടുക എന്നിട്ട് കടുക് , ചുവന്നമുളക് അതിലേക്ക് ഇട്ടുക; മാമ്പഴ പുളിശ്ശേരി ഇട്ട് ഇളക്കുക.

## അതിജീവന സ്മരണകൾ

മലയാളക്കരയെ ഒന്നാകെ ദുഃഖത്തിലാഴ്ത്തിയ വർഷമായിരുന്നു 2019. തെക്കുപടിഞ്ഞാറ് ദേശത്ത് ഉണ്ടായ പെരുമഴയുടെ ഭാഗമാണ് ഈ പ്രളയം. പ്രളയകാലം ഓരോരുത്തർക്കും ഒരു തിരിച്ചറിവുകൾ കൂടിയായിരുന്നു. മനുഷ്യരുടെ ഇടയിൽ ഉണ്ടായിരുന്ന ജാതിയുടെയും മതത്തിന്റെയും പണത്തിന്റെയും ആർഭാടങ്ങളുടെയും അതിർവരമ്പുകൾ ഇല്ലാതാക്കി. അമ്പലങ്ങളിലും പള്ളികളിലും നിസ്കാര മുറികളിലും പാവപ്പെട്ടവനും പണക്കാരനും ഒരു പാത്രത്തിൽ നിന്ന് കഴിച്ചു. അന്യർക്ക് പ്രവേശനമില്ല എന്ന് എഴുതിയ ബോർഡുകൾക്ക് പ്രളയകാലത്ത് ഒരു പ്രസക്തി ഇല്ലാതായി. മനുഷ്യർക്ക് വിശപ്പിനേക്കാൾ വലുതല്ല ദുരഭിമാനം എന്ന തിരിച്ചറിവ് ഉണ്ടായി.

## ക്യാമ്പിലേക്ക്

കിട്ടിയതൊക്കെ കയ്യിലെടുത്ത് ഓടി ദുരിതാശ്വാസ ക്യാമ്പിലേക്ക് എത്തിയവർ ഒരിക്കലും അവരുടെ ആർഭാട ത്തെക്കുറിച്ച് ഓർത്തില്ല പാവപ്പെട്ടവനും പണക്കാരനും ഇവിടെ തുല്യ സ്ഥാനമാണ്. ഇവിടെ പാവപ്പെട്ടവൻ പണക്കാരൻ എന്നൊരു വേർതിരിവില്ല. വീടിന്റെ രണ്ടാംനിലയിൽ കഴിയേണ്ടി വന്നവർ മരണത്തെ മുഖാമുഖം കാണുകയായിരുന്നു. ക്യാമ്പുകളിൽ കഴിയുന്നവർ, വീടിൻറെ രണ്ടാംനിലയിൽ അഭയം പ്രാപിച്ചവർ, ചത്തുപൊങ്ങിയ മൃഗങ്ങൾ, ഒറ്റപ്പെട്ട് കുടുങ്ങിക്കിടക്കുന്നവർക്കുള്ള ഉറ്റവരുടെ സഹായാഭ്യർത്ഥനകൾ

## പ്രളയം ബാക്കി വെച്ചത്

മഹാപ്രളയത്തിൽ നിന്ന് എങ്ങനെ കരകയറും എന്ന ചിന്തയിൽ നിന്ന് ഒരടി മുന്നോട്ട് വെച്ച് പ്രളയത്തെ അതിജീവിച്ചവരാണ് മലയാളികളായ നാം ഓരോരുത്തരും. ഇതിൽ നാം അഭിമാനം കൊള്ളുന്നു. കുളിർ തെന്നലിന്റെ സുഖമുള്ള മഴയെ ഒരിക്കലും മലയാളി ഇങ്ങനെ ഒന്നാകുമെന്ന് ഓർത്തില്ല. സ്നേഹിതരുടെ ഓർമ്മകൾ മാത്രം സമ്മാനിച്ച് പ്രളയം കടന്നുപോയി.

## അതിജീവനം

പ്രളയ സമയത്ത് നമുക്ക് ഒരു കൈത്താങ്ങായി എത്തിയവർ മനുഷ്യ ജീവൻറെ വില മനസ്സിലാക്കിയിരുന്നു. നമ്മൾ ഒന്നാണ് എന്ന ചിന്തയോടെ രക്ഷാപ്രവർത്തനദൗത്യം ഏറ്റെടുത്തവരാണ് ഇവർ. മത്സ്യത്തൊഴിലാളികൾ,സൈന്യങ്ങൾ, രക്ഷാപ്രവർത്തകർ ഇവരുടെ സാന്നിധ്യവും സഹകരണവും നമ്മൾ ഒരിക്കലും മറക്കരുത്.

കേന്ദ്ര സഹായവും വിദേശ സഹായങ്ങളുമൊക്കെ തർക്കവിഷയമായിരുന്നെങ്കിലും കേരളത്തിന്റ അതിജീവനത്തിന് അത് ഉപകാരങ്ങളായി. "നാം പ്രളയത്തെ അതിജീവിക്കണം", "നവകേരളം നാം കെട്ടിപ്പൊക്കണം" എന്ന മുഖ്യമന്ത്രിയുടെ വാക്കിൽ സഹകരണം നൽകിയവരാണ് ഓരോരുത്തരും.

കാലവർഷം പതിവിലുമധികം ശക്തിപ്രാപിക്കുന്നത് നാം ശ്രദ്ധിച്ചിരുന്നില്ല. എല്ലാ വർഷത്തെയും പോലെ  മഴക്കെടുതിയുടെ

ദുരിതങ്ങൾ കുട്ടനാട്ടിൽ ഒതുങ്ങും എന്ന് കേരളം കരുതി. വെറുതെയങ്ങ് വന്നതല്ല എന്ന തിരിച്ചറിവ് നൽകി മലയോരങ്ങളിൽ വ്യാപകമായ മണ്ണിടിച്ചിലും, ഉരുൾപൊട്ടലും, ഡാമുകളിൽ ജലനിരപ്പുർന്നും വൻ പ്രളയം സൃഷ്ടിച്ചാണ് മഴ കടന്നു പോയത്. എണ്ണത്തിലേറെ മരണങ്ങൾ കേരളത്തിലെ പല ജില്ലകളിൽ നാശങ്ങൾ സൃഷ്ടിച്ച വൻ പ്രളയത്തെ നാം ഒരിക്കലും മറക്കില്ല.

## പ്രളയം നൽകിയ പാഠങ്ങൾ

ഒരു മനുഷ്യായുസ്സിൽ മറക്കാൻ കഴിയാത്ത ഓർമകൾ ആണ് പ്രളയം നമുക്ക് സമ്മാനിച്ചത്. കുളിർകോരുന്ന മഴയോർമ്മകൾ മനസ്സിൽ സൂക്ഷിച്ചിരുന്ന മലയാളി കണ്ടത് മഴയുടെ രൗദ്രഭാവവും നൂറ്റാണ്ടുകളിൽ ഉണ്ടായ വലിയ പ്രളയവുമാണ്. ഒരു പ്രശ്നം സംഭവിക്കുമ്പോൾ നമ്മളെല്ലാം ഒന്നാണ് .ആൺ, പെൺ,പാവപ്പെട്ടവർ,പണക്കാർ,വാർപ്പ് വീട്,നല്ല ഭക്ഷണം എന്നൊരു വേർതിരിവും ആഗ്രഹവും പൊങ്ങച്ചവും ഇവ ഒന്നും അപ്പോൾനമുക്ക് ഉണ്ടാവില്ല. വേഷം- നല്ലത് മാത്രം വില കൂടിയത്, ബെഡ് ,കട്ടിൽ എന്നൊന്നുമില്ല. ഒരു പായ മാത്രം.അങ്ങനെ പ്രളയത്തെ നേരിട്ടവരാണ്  കേരളീയർ...... ഞങ്ങളെ സഹായിക്കുവാൻ എത്തിയവർക്ക് ഒരായിരം നന്ദി....

# യാത്രാവിവരണം

## വനത്തിലെ ഉൾക്കാഴ്ചകൾ

നിലമ്പൂരിൽ നിന്ന് റോഡ് വഴി ഞങ്ങളുടെ യാത്ര 5 മണിക്ക് ആരംഭിച്ചു. റോഡ് വഴി ചെന്ന് അവസാനിക്കുന്നത് മുണ്ടേരിയിലുള്ള ഒരു ഉൾവനത്തിലാണ്. ഞങ്ങൾ അവിടെ എത്തിയപ്പോൾ പുലർന്നിരുന്നു. ഇലകളിലെ വെള്ളം സൂര്യ പ്രകാശം മൂലം മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു. കിളികളുടെ കളകള  നാദം ഞങ്ങളെ ഏറെ ആകർഷിച്ചു.പെട്ടെന്നാണ് അതിലൂടെ ഒരാൾ കടന്നു വന്നത് അയാളാണ് ഞങ്ങൾക്ക് ആ വനത്തെ കുറിച്ച് അറിയാത്ത കാര്യങ്ങൾ പറഞ്ഞു തന്നത്.  ഈ വനത്തിന് അപ്പൻ കാപ്പ് എന്ന വിചിത്രമായ പേരാണ് എന്ന് അയാൾ പറഞ്ഞപോയാണ് മറ്റൊരു കാര്യം എൻറെ ശ്രദ്ധയിൽപെട്ടത്.  ഈ വനംകഴിഞ്ഞാൽ കേരള തമിഴ്നാട് അതിർത്തി ആണ് കാടുകളിലൂടെ ഉള്ള ഞങ്ങളുടെ യാത്ര വളരെ പ്രയാസകരമായിരുന്നു കാടിനുള്ളിലേക്ക് പ്രവേശിക്കുമ്പോൾ മൃഗങ്ങളുടെ അലർച്ച എന്നെ ഭയപ്പെടുത്തി അതുകൊണ്ടു തന്നെയാവും തമിഴ്നാട്ടിലേക്ക് ആരും പ്രവേശിക്കാത്തത് കാട്ടിലെ പഴങ്ങൾ എല്ലാം കഴിച്ച് ഞങ്ങൾ ക്ഷീണം മാറ്റി പിന്നെ ഞങ്ങൾ എത്തിച്ചേർന്നത് വലിയൊരു കുളത്തിൻറെ

കരയിലാണ് കുളം നിറയെ മീനുകൾ ആണ് ഏതെങ്കിലും ഒരു വിശേഷ ദിവസം അവർ അതിനെ പിടിക്കും നല്ല വിലക്ക് വിൽക്കും.പിന്നെ പൂന്തോട്ടത്തിൽ എത്തി മനസ്സിന് കുളിർമയേകുന്ന സൗന്ദര്യം എന്നെ വല്ലാതെ സന്തോഷിപ്പിച്ചു.പൂമ്പാറ്റകളുടെയും പക്ഷികളുടെയും വലിയൊരു കൂട്ടം തന്നെ അവിടെയുണ്ടായിരുന്നു കഴിഞ്ഞില്ല അപ്പൻകാപ്പ് വനത്തിൻറെ പ്രത്യേകതകൾ ഇനിയുമുണ്ട് അത് ഒരുയാത്രാ സങ്കേതം മാത്രമല്ല,നൂറുകണക്കിന് ആളുകളുടെ ജോലി സങ്കേതമാണ് കേരളത്തിലെ രണ്ടാമത്തെ വലിയ ഫാം എന്ന ബഹുമതി നേടിയ ഫാം ആണ് മുണ്ടേരി ഫാം ഇതെല്ലാം നോക്കി നടത്താൻ കുറെ ആളുകളും ഉണ്ട് അവിടെ ജോലി ചെയ്യുന്നവർ എല്ലാവരും "മുതലാളി" എന്ന് വിളിക്കുന്ന ഒരാൾ ഉണ്ട് അവർക്ക് എല്ലാവർക്കും ശമ്പളം നൽകുന്നതും ഈ മുതലാളി തന്നെയാണ് അങ്ങനെ ഒരു യാത്രയുടെ എല്ലാ സുഖങ്ങളും നുകർന്ന് മനസ്സിനു സന്തോഷം ഉള്ള ഒരു ദിവസവും നേടി ഞങ്ങൾ തിരികെ യാത്ര ആരംഭിച്ചു



# യാത്രാമംഗളങ്ങൾ

## എബ്രഹാം കുര്യൻ

ആലപ്പുഴ ജില്ലയിലെ എടത്വയിൽ ചെത്തിപുരക്കൽ പുളിമൂട്ടിൽ പികെ എബ്രഹാമിന്റെയും അമ്മിണി എബ്രഹാമിന്റെയും മകനായി 1963 ജൂലൈ 25 ന് ജനിച്ച തലവടി ഗവൺമെന്റ് ഹൈസ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം എടത്വാ സെൻറ് അലോഷ്യസ് കോളേജിൽ നിന്ന് പ്രീഡിഗ്രിയും ബി.എസ്.സി.മാത്‌സ് ഡിഗ്രിയും കരസ്ഥമാക്കി. ഒഡീസ പുതുക്കൽ ഇപ്പോ സെക്സ് സർവകലാശാലയിൽ നിന്നും ബി എ ഡിഗ്രി നേടിയതിനുശേഷം 1989 ജനുവരി 9 മുതൽ പത്തനാപുരം മൗണ്ട് താബോർ ദയറ മാനേജ്മെൻറ് കമ്മിറ്റിക്ക് കീഴിലുള്ള പോത്തുകൽ കാതോലിക്കേറ്റ് സെക്കൻഡറി സ്കൂളിൽ ഗണിതശാസ്ത്ര അധ്യാപകനായി സേവനമനുഷ്ഠിച്ചു. കേരള വിദ്യാഭ്യാസ വകുപ്പിന് കീഴിൽ NCERT നടത്തുന്ന ഗണിത പാഠപുസ്തക ശിൽപ്പശാലയിൽ 2014 പങ്കെടുത്തു. 2020 മാർച്ച് 31 വിരമിക്കുകയാണ്

## കദീജ എം



മലപ്പുറം ജില്ലയിലെ പോത്തുകൽ പഞ്ചായത്തിൽ മൂർഖൻ മൊയ്തീന്റെയും ഫാത്തിമ കുട്ടിയുടെയും മകളായി 1964 മെയ് 26 ന് ജനിച്ചു. ഭൂദാനം എൽപി സ്കൂൾ, ഉപ്പട എൻ എസ് എസ് യുപി സ്കൂൾ, ചുങ്കത്തറ എം പി എം സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം മമ്പാട് എംഇഎസ് കോളേജിൽ നിന്നും പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാഭ്യാസം പൂർത്തീകരിച്ചു. ഫാറൂഖ് ട്രെയിനിംഗ് കോളേജിൽ നിന്ന് സോഷ്യൽ സയൻസിൽ ബി എഡ് ഡിഗ്രി കരസ്ഥമാക്കി അതിനുശേഷം പത്തനാപുരം മൗണ്ട് താബോർ ദയറാ മാനേജ്മെൻറ് കീഴിലുള്ള പോത്തുകൽ കാത്തോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂളിൽ 1993 ജൂലൈ ഒന്നിന് സോഷ്യൽ സയൻസ് അധ്യാപകവൃത്തി ആരംഭിച്ചു. 27 വർഷത്തെ സ്തുത്യർഹമായ ഔദ്യോഗിക ജീവിതത്തിനുശേഷം 31 3 2020 വിരമിക്കുകയാണ്

# കൃതജ്ഞത

പുനർജനി കേവലം ഒരു ഡിജിറ്റൽ മാഗസിൻ മാത്രമല്ല, പ്രളയാനന്തരം കേരളമൊന്നാകെ ഒഴുകിയെത്തി ഞങ്ങൾക്ക് തന്ന പിൻബലത്തിന്റെ പരിണിത ഫലം കൂടിയാണ്. അക്ഷര വിളക്കുകൾക്ക് എണ്ണ പകർന്ന് വെളിച്ചം നൽകിയ ഗുരുനാഥന്മാർക്ക്, മാഗസിൻ രൂപീകരണത്തിൽ ആത്മസമർപ്പണം ചെയ്ത സഹപാഠികൾക്ക് നന്ദിയുടെ സ്നേഹത്തിന്റെ പനിനീർപ്പൂക്കൾ.



ചാരത്തു നിന്നും പറന്നകന്ന
കൂടപ്പിറപ്പുകളെ എന്നെന്നും
സ്മരിക്കുന്നു
കണ്ണീരോടെ...
KAVALAPPARA
COLONY
KOOTTAYMA
കവളപ്പാറ കോളനി കൂട്ടായ്മ